**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1652** **13-02-2025 - ൽ മറുപടിയ്ക്ക്**

**സെമസ്റ്റർ പരീക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ, പ്രത്യേകിച്ച് കേരളാ യൂണിവേഴ്സിറ്റിയിൽ മുൻ സെമസ്റ്റർ പരീക്ഷകൾ പിന്നീട്ടുള്ള സെമസ്റ്ററുകളിലെ ക്ലാസുകൾക്കിടയിൽ നടത്തി വിദ്യാർത്ഥികൾക്ക് മാനസിക സംഘർഷം സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (എ) | സർവകലാശാലകളുടെ അക്കാദമിക് കലണ്ടറിൽ നിശ്ചയിച്ചിരിക്കുന്ന പ്രകാരം ഓരോ സെമസ്റ്റർ പരീക്ഷ പൂർത്തീകരിച്ച ശേഷം മാത്രമാണ് അടുത്ത സെമസ്റ്റർ ക്ലാസുകൾ ആരംഭിക്കുന്നത്. എന്നാൽ മുൻ സെമെസ്റ്ററുകളിലെ പരീക്ഷകൾ Improvement/ Supplementary ആയോ എഴുതേണ്ടി വരുന്ന വിദ്യാർത്ഥികൾക്ക് അവരുടെ ക്ലാസുകൾക്കിടയിൽ പരീക്ഷ എഴുതേണ്ട സാഹചര്യം ഉണ്ടാകാറുണ്ട്. 2024-25 അക്കാദമിക് വർഷം മുതൽ സംസ്ഥാന സർക്കാർ FYUG Programme-കൾക്ക് ഏകീകൃത അക്കാദമിക് കലണ്ടർ കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ പരീക്ഷകൾ കൃത്യമായി നടന്നുവരുന്നു. |
| (ബി) | സെമസ്റ്ററുകൾക്ക് ആറ് മാസം എന്ന രീതി കൃത്യമായി പാലിച്ചതിനുശേഷം മാത്രം പരീക്ഷ നടത്തി അടുത്ത സെമസ്റ്ററുകളിലെ ക്ലാസ്സുകളിൽ പ്രവേശിക്കാനും, അങ്ങനെ വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന മാനസിക സംഘർഷം കുറയ്ക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | നിലവിൽ അതത് കോഴ്സുകളുടെ റെഗുലേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന അധ്യയന ദിവസങ്ങൾ/ teaching hours അനുസരിച്ച് തയ്യാറാക്കിയ academic calender പ്രകാരമാണ് പരീക്ഷകൾ നടത്തി വരുന്നത്.<br><br>വിദ്യാർത്ഥികൾ നേരിട്ടിരുന്ന ചില ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുകൂടി വേണ്ടിയാണ് 2024-'25 അക്കാദമിക് വർഷം മുതൽ FYUG Programme-കൾക്ക് ഏകീകൃത അക്കാദമിക് കലണ്ടർ പ്രകാരം പരീക്ഷകൾ നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ